# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3237 25/06/2012 ൽ മറുപടിക്ക്

## ഒഴിവുകൾ യഥാസമയം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. കെ.അച്ചുതൻ<br>ശ്രീ. വി.റ്റി.ബൽറാം | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത് ; | (എ) പ്രതീക്ഷിത ഒഴിവുകളും അതിന്മേൽ സൂപ്പർന്യൂമററി ഒഴിവുകൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ അവയും നിശ്ചിത കാലപരിധിയ്ക്കുള്ളിൽ നിശ്ചിത പ്രൊഫോർമയിൽ പി.എസ്.സി.യെ അറിയിക്കാൻ സർക്കാർ കാലാകാലങ്ങളിൽ സർക്കുലറുകൾ മുഖേന വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകാറുണ്ട്. |
| (ബി) ആയത് സംബന്ധിച്ച് പി. & എ.ആർ.ഡി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉത്തരവുകളിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ് ;<br><br>(സി) ആന്റിസിപ്പേറ്റഡ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്; | (ബി)യും (സി)യും<br>ഉണ്ട്. ഇതു സംബന്ധിച്ച് ഏറ്റവും ഒടുവിൽ പുറപ്പെടുവിച്ച സർക്കുലറിൽ സർക്കാർ എല്ലാ നിയമനാധികാരികൾക്കും നൽകിയ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br>1) 2013 കലണ്ടർ വർഷത്തെ എല്ലാ പ്രതീക്ഷിത ഒഴിവുകളും 2012 ജൂണിൽ തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണം.<br>2) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ അതീവ ശ്രദ്ധ ചെലുത്തണം. ഒരിക്കൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ ക്യാൻസൽ ചെയ്യുവാനോ, കുറയ്ക്കുവാനോ പാടില്ല. പ്രമോഷൻ, ട്രാൻസ്ഫർ തുടങ്ങിയ മറ്റു മാർഗ്ഗങ്ങളിലൂടെ ഈ ഒഴിവുകൾ നികത്താൻ പാടില്ല.<br>3) ആറു മാസത്തിൽ കൂടുതൽ നിലനിൽക്കുന്ന ലീവ് /ഡെപ്യൂട്ടേഷൻ ഒഴിവുകളും, മൂന്നുമുതൽ ആറു മാസംവരെ നിലനിൽക്കുന്ന ഒഴിവുകളും പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. |

4) റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ ഒഴിവുകൾ അതിൽനിന്നു മാത്രമേ നികത്തുവാൻ പാടുള്ളൂ.
5) റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന താത്കാലിക നിയമനങ്ങൾ നടത്തുവാൻ പാടുള്ളതല്ല.
6) മൂന്നു മാസത്തിൽ കൂടുതൽ നില നിൽക്കുന്ന ഒഴിവുകൾ പി.എസ്.സി -ക്ക് റിപ്പോർട്ടു ചെയ്യണം.
7) ഒഴിവുകൾ നിശ്ചിത പ്രൊഫോർമ യിൽ റിപ്പോർട്ട് ചെയ്യണം.
8) നിയമനാധികാരികൾ ഒഴിവുകളുടെ പാദവാർഷിക റിപ്പോർട്ട് ഭരണ വകുപ്പിനും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനും നൽകണം.

(ഡി) റാങ്ക്ലിസ്റ്റ് നിലവിലുള്ള പോസ്റ്റു കളിലേയ്ക്ക് നിയമനം നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

(ഡി) ഉണ്ട്.

സെക്ഷൻ ഓഫീസർ